# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## കരുവഞ്ചേരി നോർത്ത്
## എൽ.പി സ്കൂൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : കരുവഞ്ചേരി നോർത്ത് എൽ പി സ്കൂൾ |
| ഉപജില്ലയുടെ പേര് | : വടകര |
| റവന്യൂ വില്ലേജ് | : പാലയാട് |
| ക്ലസ്റ്റർ | : മന്ദത്തുകാവ് യു.പി സ്കൂൾ |
| പഞ്ചായത്ത് | : മണിയൂർ |
| ബ്ലോക്ക് | : തോടന്നൂർ |
| മാനേജർ | : രാജൻ പറമ്പത്ത് |
| ഹെഡ്മിസ്ട്രസ് | : നിഷ കുമാരി എം [9562934054] |
| പി ടി എ പ്രസിഡന്റ് | : പ്രശാന്ത് |

## ഞങ്ങളുടെ വിദ്യാലയ ചരിത്രം
## (കരുവഞ്ചേരി നോർത്ത് എൽ.പി സ്ക്കൂൾ)

## കളരിക്കുന്നിന് താഴെയുള്ള ആദ്യത്തെ അക്ഷരകളരി

ഭീമസേനപുത്രനായ ഘടോൽക്കചൻ ഭരിച്ച ഘടത്തനാട് എന്ന കടത്തനാട്-കളരിപ്പയറ്റിന്റെ കളിത്തൊട്ടിൽ- കായികകലയുടെ കലവറയായ കടത്തുവയനാട്ടിന്റെ കന്നിമൂലയിൽപ്പെട്ട കരുവഞ്ചേരി. ഇവിടം ഒരു മഹർഷിയുടെ തപോഭൂമിയാണെന്ന് കരുതപ്പെടുന്നു.

കരുമകൻ ചേരി ലോപിച്ചുണ്ടായ കരുവഞ്ചേരിയിൽ കളരിക്കുന്നിന് താഴെയുള്ള ആദ്യത്തെ അക്ഷരകളരി അതാണ് കരുവഞ്ചേരി നോർത്ത് എൽ.പി സ്ക്കൂൾ.

മണിയൂർ പഞ്ചായത്തിലെ 17 ാം വാർഡിലാണ് ഈ വിദ്യാലയം. ഈ വാർഡിൽ ഏകദേശം 3000 ത്തോളം ആളുകൾ വസിക്കുന്നു. ഇതിൽ 25%ത്തോളം ഇസ്ലാം മതവിശ്വാസികളാണ്. പ്രകൃതിയെ ലാളിക്കുകയും, സ്നേഹിക്കുകയും ചെയ്യുന്ന കർഷകരാണ് കൂടുതലും. വെറ്റിലക്കൊടി കൃഷിക്കാരും കുറവല്ല. വിദ്യാഭ്യാസനിലവാരം കൂടുതൽ മെച്ചമായികൊണ്ടിരിക്കുകയാണ്. ഇവിടുത്തെ ആളുകൾക്ക് വിദ്യാസമ്പാദനത്തിനുള്ള ഏക ആശ്രയം ഈ വിദ്യാലയം മാത്രമാണ്. എന്നാൽ സമീപകാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിത ആവേശം മറ്റെല്ലായിടത്തെയും പോലെ ഇവിടെയും കടന്നുകൂടിയിട്ടുണ്ട്.

1915ലാണ് ഈ വിദ്യാലയം രേഖാപരമായി പ്രത്യക്ഷപ്പെടുന്നത്. ഓലമേഞ്ഞ ഓത്തുപുരകളിലായി നിലം മെഴുകി വൃത്തിയാക്കിയ ആശാനും കുട്ടികളും കൂടികലർന്ന ആശ്രമങ്ങളായും ഉപദേശികളായ ആചാര്യന്മാരുടെ ആദ്യകാലപ്രവർത്തനം .

എന്തായാലും വളർന്നു വരുന്ന തലമുറക്ക് അക്ഷരമന്ത്രം പകർന്നുകൊടുക്കുന്ന സ്വന്തം ജീവിതം തപസ്യയാക്കിയ ചില ജ്ഞാന വൃദ്ധന്മാർ ഇവിടെ വിദ്യാഭ്യാസപ്രവർത്തനം തുടങ്ങി എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. 1990 മാർച്ച് മാസത്തിൽ ഈ വിദ്യാലയം അക്ഷരാർത്ഥത്തിൽ അതിഗംഭീരമായി തന്നെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു.

സംയുക്ത മാനേജ്മെന്റിൽ പ്രവർത്തിച്ച ഈ വിദ്യാലയം അത് നിർത്തലാക്കിയപ്പോൾ വി.കെ. കൃഷ്ണക്കുറുപ്പിൽ മാനേജ്മെന്റ് നിക്ഷിപ്തമാക്കി.1950 ൽ സ്ഥലത്തിന്റെ ഉടമയും വിദ്യാതല്പരനുമായ ശ്രീ. പറമ്പത്ത് ചാത്തുകുറുപ്പ് നാലരസെന്റ് സ്ഥലം ആധികാരികമായി കൈമാറി. പിന്നീട് വി.കെ. കൃഷ്ണക്കുറുപ്പിന്റെ മകനായ ശ്രീ. വി. ഗംഗാധരന് മാനേജ്മെന്റും സ്ഥലവും കൈമാറി. 2002 ൽ പ്രസ്തുത മാനേജ്മെന്റ് ഇന്നത്തെ മാനേജരും പറമ്പത്ത് ചാത്തുകുറുപ്പിന്റെ മകനുമായ ശ്രീ. പറമ്പത്ത് രാജന് ലഭിച്ചു. പിന്നീട് അദ്ദേഹം ഓലമേഞ്ഞ എൽ ഷേപ്പ് കെട്ടിടം പൊളിച്ചുമാറ്റി ഓടുമേഞ്ഞ കെട്ടുറപ്പുള്ള പുതിയ കെട്ടിടം പണിതു. 2015-16 വർഷത്തിൽ ഘട്ടം ഘട്ടമായുള്ള പരിപാടികളുമായി ശതാബ്ദിയാഘോഷിച്ചു. ഈ വിദ്യാലയത്തെ അത്യാധുനിക സംവിധാനമുള്ള ഒരു സ്ഥാപനമാക്കി മാറ്റുവാൻ ഭൗതികമായ എല്ലാ സാഹചര്യങ്ങളും ഒരുക്കുന്നതിന് മാനേജരും അക്കാദമികനിലവാരം മികവുറ്റതാക്കാൻ അദ്ധ്യാപകരും മറ്റെല്ലാവിധ സൗകര്യവും ഒരുക്കന്നതിന് പി.ടി.എയും നാട്ടുകാരും ഒരുങ്ങി നിൽക്കുകയാണ്.

## ആമുഖം

ഒരു വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിൽ എത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ഉൾപ്പെടുന്നതാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ. നമ്മുടെ പൊതുവിദ്യാലയങ്ങളുടെ അക്കാദമികനിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പറ്റിയതായിരിക്കണം നാം തയ്യാറാക്കിയ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ.

ഓരോ വിദ്യാലയത്തിലും നമ്മുടെ മുൻപിലിരിക്കുന്ന കുട്ടികൾ വ്യത്യസ്തമായ കഴിവുള്ളവരാണ്. പല പരിമിതികൾ ഉള്ളവരും നമുക്കിടയിലുണ്ട്. ഇവരെല്ലാം ചേർന്നതാണ് നമ്മുടെ സമൂഹം. ഈ ഒരു ബോധം നമ്മുടെ കുട്ടികളിൽ ഉണ്ടാകണമെങ്കിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസക്രമത്തിലൂടെ മാത്രമെ കഴിയുകയുള്ളൂ. സ്നേഹവും പരിഗണനയും സ്വയം പ്രകാശനത്തിനുള്ള അവസരങ്ങളും അംഗീകാരവും എല്ലാം കുട്ടികൾക്ക് ലഭിക്കുന്ന ഇടമായി പൊതു വിദ്യാലയങ്ങളെ മാറ്റാൻ കഴിയണം. ഇത്തരം ഒരു പൊതു അന്തരീക്ഷത്തിൽ മാത്രമേ കുട്ടിക്ക് ഏറ്റവും മികച്ച രീതിയിൽ അറിവിന്റെ നിർമ്മിതി നടത്താൻ കഴിയുകയുള്ളൂ. ഇതിനായി നമുക്ക് ഈ മാസ്റ്റർ പ്ലാനിലുള്ള പ്രവർത്തനങ്ങൾ ഉപകരിക്കുമെന്ന് കരുതുന്നു.

നാം ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടാൻ വേണ്ടി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഹ്രസ്വകാല പദ്ധതി, ദീർഘകാല പദ്ധതി, മദ്ധ്യകാല പദ്ധതി എന്നിങ്ങനെ തരം തിരിച്ചെഴുതിയിട്ടുണ്ട്. പ്രവർത്തനത്തിന്റെ പേര്, നിർവ്വഹണച്ചുമതല ഗുണഭോക്താക്കൾ; ലക്ഷ്യ കാലയളവ് എന്നിവ ഓരോ വിഷയത്തിന്റെയും അടിസ്ഥാനത്തിൽ ഇതിൽ എഴുതിച്ചേർത്തിട്ടുണ്ട്.

ഞങ്ങളുടെ വിദ്യാലയത്തിന്റെ ഭൗതിക നിലവാരം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും പുതിയ കാലഘട്ടത്തിനനുസരിച്ച് ഒരു സ്കൂൾ കെട്ടിടം എന്നത് ഞങ്ങളുടെ വലിയ ലക്ഷ്യങ്ങളിൽ പെട്ടതാണ്. അതിനൊരു തുടക്കം ഈ വർഷം നടത്താൻ പറ്റും എന്ന് വിശ്വാസത്തോടുകൂടിയാണ് ഈ മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ, ഞങ്ങൾ ആരംഭിക്കുന്നത്.സ്കൂളിന്റെ ഭൗതികമായ എല്ലാ വളർച്ചയും ആവശ്യങ്ങളുംനല്ല രീതിയിൽ നിരീക്ഷിച്ച് വേണ്ടത് നടപ്പിലാക്കാൻ തയ്യാറായ ഞങ്ങളുടെ മാനേജർ പറമ്പത്ത് രാജൻ എപ്പോഴും ഞങ്ങളോടൊപ്പം ഉണ്ടാകാറുണ്ട്.

അക്കാദമിക് മാസ്റ്റർ പ്ലാൻ പ്ലാനിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ അർപ്പണം മനോഭാവമുള്ള അധ്യാപകരും ഞങ്ങളുടെ വിദ്യാലയത്തിൽ ഉണ്ട് മാസ്റ്റർ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ ഞങ്ങളുടെ വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഇന്നുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെടും എന്നത് യാതൊരു സംശയവും ഇല്ല.

## സ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ച് ഇപ്പോഴുള്ള അവസ്ഥ

1 .രണ്ട് കെട്ടിടങ്ങൾ -ഒന്ന് Pre-KER പ്രകാരം

ഒന്ന് Post - KER പ്രകാരം

2. നഴ്സറി ക്ലാസിന് പ്രത്യേകം കെട്ടിടമുണ്ട്

3. സ്കൂളിന് സ്വന്തമായി കിണറും വാട്ടർ ടാങ്കും മോട്ടോറു ഉണ്ട്

4 .പാചകപുരം ഉണ്ട്

5. മൂന്ന് ടോയ്ലറ്റ് പെൺകുട്ടികൾക്കും രണ്ട് ടോയ്ലറ്റ് ആൺകുട്ടികൾക്കും ഉണ്ട് .

6. രണ്ട് വാഷ്ബേഴ്സിനുകൾ ഉണ്ട്

7. ക്ലാസ് റൂമുകൾ എല്ലാം ടൈൽസ് പതിച്ച നിലമാണ്

8. ചുമരിൽ ചിത്രങ്ങൾ വരച്ച ക്ലാസ് മുറികളാണ്

9. കുട്ടികൾക്ക് പ്രത്യേകം കളി സ്ഥലമുണ്ട്

10 . നഴ്സറി വിഭാഗത്തിന് കളി സാധനങ്ങളോട് കൂടിയ വിപുലമായ ഒരു പാർക്ക് ഉണ്ട്.

11 .ഓപ്പൺ ക്ലാസ് റൂമും സ്റ്റേജും ഉണ്ട്.

12. ക്ലാസ് ലൈബ്രറിക്ക് പുറമേ പ്രത്യേകം ലൈബ്രേറി റൂം ഉണ്ട്.

13 .രണ്ട് ടെക്സ്റ്റോപ്പും മൂന്ന് ലാപ്ടോപ്പും അടങ്ങിയ ഒരു കമ്പ്യൂട്ടർ ലാബ് സ്കൂളിൽ നിലവിൽപ്രവർത്തിക്കുന്നുണ്ട്

14 രണ്ട് ക്ലാസുകൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആണ്..

15 .കൃത്യമായ ചുറ്റുമതിലുകളും ഗേറ്റുകളും വച്ച് സുരക്ഷിതമായ ഒരു സ്കൂൾ അന്തരീക്ഷമാണ് നിലവിൽ ഉള്ളത്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

1.ഭാഷാശേഷി വികസനം
2.ഗണിത ശേഷി വികസനം
3.ഇംഗ്ലീഷ് പഠനം പരിപോഷണം
4.ശാസ്ത്ര പോഷണം പരിപാടി
5.വായന പരിപോഷണം
6.ലൈബ്രറി ശാക്തീകരണം
7.പ്രതിഭാ പോഷണ പരിപാടി
8.സാഹിത്യ പോഷണ പരിപാടികൾ
9.പഠനയാത്രകൾ
10.സെമിനാറുകൾ
11.കലാകായികമേളകൾ
12.ഐടി പരിശീലനം
13.അധ്യാപക ശാക്തീകരണം പരിപാടികൾ
14.ക്ലാസ് പിടിഎ സജീവമാക്കൽ
15.എസ് ആർ ജി ശാക്തീകരണം

### സാമൂഹികം

1. പിടിഎ മെച്ചപ്പെടുത്തൽ
2. എസ് എം സി എസ് എസ് ജി എന്നിവ കാര്യക്ഷമമാക്കൽ
3 .വിദ്യാലയ വികസന സമിതി പുർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
4. ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ അധ്യാപകർഎന്നിവരെ ചേർത്ത് സ്കൂളിന്റെ

സാമൂഹിക വളർച്ച

5 .ക്ലാസ് പിടിഎ മാതൃപരമാക്കാനുള്ള നടപടികൾ

6. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ

7.വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്താൻ

8.ഭവന സന്ദർശനം

## ഭൗതികം

ആധുനികമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഇരുനിലം സ്കൂൾ കെട്ടിടം നിർമ്മിക്കലാണ് ഈ വർഷത്തെ,ഭൗതികമായ മെച്ചപ്പെടലിന് വേണ്ടി ആസൂത്രണം ചെയ്യുന്നത്.ഇതിൽ സ്മാർട്ട് ക്ലാസ് റൂമുകൾ,മികച്ച ലൈബ്രറി, കമ്പ്യൂട്ടർ ലാബ് ,സയൻസ് ലാബ്, ഓഫീസ് റൂം , സ്റ്റാഫ് റൂം ,ഡൈനിങ്ങ്റൂം,അടുക്കള,പ്ലേ ഗ്രൗണ്ട് ,ബാത്റൂം,പൂന്തോട്ടംതുടങ്ങിയവ ഉൾപ്പെടുന്നു

# വാർഷിക കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ | പ്രവേശനോത്സവം, രക്ഷാകർത്തൃസംഗമം, കുട്ടികളുടെ ജനനതീയ്യതി പ്രദർശനം, പരിസ്ഥിതി ദിനാഘോഷം വൃക്ഷത്തൈ വിതരണം , വായനാവാരം, സി. പി.ടി.എ |
| ജൂലായ് | പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ബോർഡ് നിർമ്മാണം.വൈക്കം മുഹമ്മദ് ബഷീർ ദിനം, വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം, ചാന്ദ്രദിനം, വിവിധ ക്ലബ്ബുകളുടെ ബുള്ളറ്റിൻ ബോർഡ് നിർമ്മാണം , പ്രദർശനം |
| ആഗസ്റ്റ് | സ്വാതന്ത്രദിനാഘോഷം, കരുവഞ്ചേരിയിലെ പ്രായമായവരെയും മുൻ പി ടി എ പ്രസിഡണ്ടുമാരെയും ആദരിക്കൽ , ചരിത്രത്തിലെ കരുവഞ്ചേരി സ്വാതന്ത്ര്യ സമരചരിത്ര ചിത്ര പ്രദർശനം , സ്വാതന്ത്ര്യ സമരചരിത്ര മാസിക നിർമ്മാണ മത്സരം , സ്വാതന്ത്ര്യ സമരചരിത്ര ക്വിസ്. |
| സെപ്തംബർ | അധ്യാപകദിനം, അധ്യാപകനായ കുട്ടി , ടീച്ചർ അഭിനയം,സി. പി.ടി.എ എന്നും വീടുകളിൽ ആ അമ്മ അന്നം പരിപാടിയുടെ ഭാഗമായി ഓണാഘോഷം , ഓണസദ്യ , മുത്തശ്ശി സംഗമം. |
| ഒക്ടോബർ | പുസ്തകമേള , ഗാന്ധി ജയന്തി ആഘോഷം , ഗാന്ധി ക്വിസ് , ഗാന്ധി സെമിനാർ, കലാമേള, കായികമേള |
| നവംബർ | കേരളത്തെ അറിയാൻ പരിപാടി, കേരള ക്വിസ്, ചിത്ര പ്രദർശനം, പ്രാദേശിക ഐതിഹ്യങ്ങൾ, അവതരണം |
| ഡിസംബർ | ക്രിസ്തുമസ്സ് ആഘോഷം, പി. ടി എ ജനറൽ ബോഡി |
| ജനുവരി | പുതുവത്സരാഘോഷം, ദ്വിദിന സഹവാസ ക്യാമ്പ്, ഫീൽഡ് |
| ഫിബ്രവരി | കുടുംബപഠനക്ലാസ്സ്, വിനോദയാത്ര, അദ്ധ്യാപകർ, കുട്ടികൾ ട്രിപ്പ്. |
| മാർച്ച് | പൂർവ്വവിദ്യാർത്ഥിസംഗമം, വാർഷികാഘോഷം. |

# വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ഉത്തരവ്

(ഹാജർ : സുനിൽ വി കെ )

വിഷയം : പൊ.വി. – ഗവൺമെന്റ്/എയ്ഡഡ് – **കരുവഞ്ചേരി നോർത്ത് എൽ.പി എസ് സ്കൂൾ, – തസ്തികനിർണ്ണയം 2025–26** – ഡിവിഷനുകളും തസ്തികകളും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : -

1. സ.ഉ.(കൈ) നം.92/2025/G.Edn തീയതി 24.05.2025
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.06.2025 ലെ സർക്കുലർ നം.ഡി.ജി./9368/2025-എച്ച് 2

## ഉത്തരവ് നമ്പർ ദി. തി. E/859148/2025 തീയതി 01/07/2025

കേരള വിദ്യാഭ്യാസ നിയമം/ചട്ടങ്ങൾ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നേടുന്നതിനുള്ള കുട്ടികളുടെ അവകാശനിയമം/ ചട്ടങ്ങൾ, പരാമർശം 1ലെ സർക്കാർ ഉത്തരവ് , 2ലെ സർക്കുലർ എന്നിവയാൽ നിഷ്കർഷിക്കപ്പെട്ട വ്യവസ്ഥകൾക്കും, വിദ്യാർത്ഥികളുടെ ആറാം സാധ്യായ ദിനത്തിലെ ഇഫക്ടീവ് സ്ട്രെങ്ത്, കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിലും, കരുവഞ്ചേരി നോർത്ത് എൽ.പി എസ് സ്കൂളിന് 2025-26 അധ്യയന വർഷത്തിലേക്ക് താഴെ പറയും പ്രകാരം ഡിവിഷനുകളും തസ്തികകളും അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1) **2025-26 ൽ സ്കൂളിൽ ലഭ്യമായ അക്കോമഡേഷൻ സൗകര്യങ്ങൾ**

**പ്രീ - കെ.ഇ.ആർ.**

| സ്ഥിരം | അർധ സ്ഥിരം | താൽക്കാലികം | ആകെ ക്ലാസ് മുറികൾ |
|---|---|---|---|
| 14.80 x 3.75 x 3.00 Metres - 3 മുറികൾ | | | 3 |
| 5.75 x 3.75 x 3.00 Metres - 1 മുറികൾ | | | 1 |
| ആകെ | | | 4 |

**പോസ്റ്റ് - കെ.ഇ.ആർ.**

| സ്ഥിരം | അർധ സ്ഥിരം | താൽക്കാലികം | ആകെ ക്ലാസ് മുറികൾ |
|---|---|---|---|
| 11.00 x 6.50 x 3.60 Metres - 2 മുറികൾ | | | 2 |
| 9.80 x 6.20 x 3.60 Metres - 1 മുറികൾ | | | 1 |
| ആകെ | | | 3 |

2) **2025-26 വർഷം അധികമായി നിർമിച്ചത്**

| സ്ഥിരം | അർധ സ്ഥിരം | താൽക്കാലികം | ആകെ ക്ലാസ് മുറികൾ |
|---|---|---|---|
| | | | |
| ആകെ | | | 0 |

| | |
|---|---|
| ആകെ ക്ലാസ് മുറികൾ | 7 |
| എക്സ്ട്രാ ക്ലാസ് മുറികൾ | 1 |
| ലഭ്യമായ ക്ലാസ് മുറികൾ | 6 |

3) നിലവിലുള്ള കെട്ടിടങ്ങളുടെ 2025-26 ലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ തീയതി : 24/05/2025

4) 2025-26 വർഷം അധികമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ തിയതി : -

5) കെട്ടിടങ്ങളുടെ നീളം, വീതി, ഉയരം എന്നിവയിൽ ഇളവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ : NA

6) സെഷണൽ സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നതെങ്കിൽ ആയയു സംബന്ധിച്ച ഉത്തരവിന്റെ നമ്പരും തിയതിയും .. : NA - -

7) I മുതൽ III വരെ ക്ളാസ്സുകൾ പ്രവർത്തിക്കുന്നത് ഷിഫ്റ്റ് സമ്പ്രദായത്തിലാണോ? : അല്ല

8) **2025-26 വർഷത്തെ വിദ്യാർഥികളുടെ എണ്ണം, അനുവദിക്കുന്ന ഡിവിഷനുകൾ മുതലായ വിവരങ്ങൾ**

**(റീ-അഡ്മിഷൻ, ആറാം സാധ്യായ ദിവസത്തിന് ശേഷമുള്ള അഡ്മിഷൻ എന്നിവ ഒഴിവാക്കിയത് )**

31/07/2023 - ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/7241/2023/എച്ച് 2 നമ്പർ സർക്കുലർ.

| ക്ലാസ് / എണ്ണം /ഡിവിഷൻ | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| (1) ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം | 17 | 17 | 26 | 24 | 14 | | | | | | 98 |
| (2) ആറാം സാധ്യായ ദിനത്തിലെ (2025-26) വാലിഡ് യു.ഐ .ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത് | 15 | 14 | 26 | 24 | 14 | | | | | | 93 |
| (3) ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ ഇൻവാലിഡ് ആയിട്ടുള്ള യു.ഐ .ഡി കളുടെ എണ്ണം | 0 | 0 | 0 | 0 | 0 | | | | | | 0 |
| (4) ആറാം സാധ്യായ ദിനത്തിലെ യു.ഐ .ഡി നമ്പർ ഇല്ലാത്ത കുട്ടികളുടെ എണ്ണം | 2 | 3 | 0 | 0 | 0 | | | | | | 5 |
| (5) റീ - അഡ്മിഷനുകൾ | 0 | 0 | 0 | 0 | 0 | | | | | | 0 |
| (6) ഇഫക്ടിവ് സ്ട്രെങ്ത് (വാലിഡ് യു.ഐ .ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത് ൽ നിന്നും റീ അഡ്മിഷനുകൾ കുറച്ചത്.) | 15 | 14 | 26 | 24 | 14 | | | | | | 93 |
| (7) നിർദിഷ്ട പി.റ്റി .ആർ . പ്രകാരം അർഹതയുള്ള ഡിവിഷനുകൾ | 1 | 1 | 1 | 1 | 1 | | | | | | 5 |
| (8) 2025-26 വർഷം അനുവദിക്കുന്ന ഡിവിഷനുകൾ | 1 | 1 | 1 | 1 | 1 | | | | | | 5 |
| (9) മുൻ വർഷം നിലനിന്നിരുന്ന ഡിവിഷനുകൾ | 1 | 1 | 1 | 1 | 1 | | | | | | 5 |
| (10) അധിക ഡിവിഷനുകൾ (ബാധകമെങ്കിൽ) | | | | | | | | | | | 0 |
| (11) കുറയുന്ന ഡിവിഷനുകൾ (ബാധകമെങ്കിൽ) | 0 | 0 | 0 | 0 | 0 | | | | | | 0 |
| **അറബിക്** | | | | | | | | | | | |
| (12) ഇഫക്ടിവ് സ്ട്രെങ്ത് (വാലിഡ് യു.ഐ .ഡി ഉള്ളവർ) | 10 | 8 | 11 | 8 | | | | | | | LP 37<br>UP 0<br>HS 0 |
| (13) ഡിവിഷനുകൾ ( 2025-26 ) | 1 | 1 | 1 | 1 | | | | | | | 4 |

9) ഓരോ ക്ലാസിലും അധികമായി നിലനിർത്തിയ വിദ്യാർഥികളുടെ എണ്ണം

| ക്ലാസ് | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർഥികളുടെ എണ്ണം | | | | | | | | | | | |



B168C338631

10) സ്കൂളിന് പ്രൊവിഷണൽ /താല്ക്കാലികം /സ്ഥിരം അംഗീകാരമുണ്ടോ? (താല്ക്കാലിക അംഗീകാരമാണെങ്കിൽ ഏതു വർഷം വരെയാണ് അംഗീകാരം ലഭിച്ചിട്ടുള്ളത് ) : ഉണ്ട്

11) 2025-26 വർഷത്തിലേക്ക് അനുവദിക്കുന്ന അധ്യാപക-അനധ്യാപക തസ്തികകളുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള **അനുബന്ധം I** ൽ നൽകിയിരിക്കുന്നു.

12) 2025-26 വർഷം അനുവദിച്ച അധിക ഡിവിഷനുകളുടെ വിവരങ്ങൾ (ഈ വിവരങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ബന്ധപ്പെട്ട സൂപ്പർചെക്ക് സെൽ ഓഫീസർമാരെ (തിരുവനന്തപുരം/കോഴിക്കോട് ) അറിയിക്കേണ്ടതാണ്.)

| | |
|---|---|
| പ്രൈമറി | |
| എച്ച്. എസ്. | |

13) അനുവദിച്ച ഹൈ സ്കൂൾ അസിസ്റ്റന്റ് (കോർ സബ്ജക്ട് ) തസ്തികകളുടെ വിതരണ ക്രമം

| വിഷയം | ഫിസിക്കൽ സയൻസ് | നാച്ചറൽ സയൻസ് | ഗണിത ശാസ്ത്രം | സോഷ്യൽ സയൻസ് | ഇംഗ്ലീഷ് | ആകെ |
|---|---|---|---|---|---|---|
| എണ്ണം | | | | | | |

14) ഈ ഉത്തരവിനെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുള്ള പക്ഷം മാനേജർ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കേണ്ടതാണ്. അപ്പീലിൻറെ ഒരു പകർപ്പ് ഈ ഓഫീസിലേക്കും നൽകേണ്ടതാണ്.

Signature Valid
Digitally signed by SUNIL V K
Reason : Document Approved
Date : 01/07/2025 10:35 AM

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

വടകര

## അനുബന്ധം - I

**കരുവഞ്ചേരി നോർത്ത് എൽ.പി എസ് സ്കൂളിലേക്ക് 2025-26 വർഷം അനുവദിച്ച തസ്തികകളുടെ വിവരങ്ങൾ**

| തസ്തിക | എഫ്‌ടൈം / പാർട്ട്ടൈം (എഫ് .റ്റി / പി .റ്റി ) | മുൻവർഷം നിലനിന്നിരുന്ന തസ്തികകളുടെ എണ്ണം | | 2025-26 വർഷം അനുവദിക്കുന്ന തസ്തികകളുടെ എണ്ണം | മുൻവർഷത്തേതിൽ നിന്നു വ്യത്യാസം വന്നതിന്റെ കാരണം |
|---|---|---|---|---|---|
| | | താൽക്കാലികം | സ്ഥിരം | | |
| HEADMASTER | എഫ് .റ്റി | 0 | 1 | 1 | |
| L.P.S.T | എഫ് .റ്റി | 0 | 4 | 4 | |
| Junior Language Teacher (Arabic) (LP) | എഫ് .റ്റി | 0 | 1 | 1 | |
| **Total** | | 0 | 6 | 6 | |

Signature Valid
Digitally signed by SUNIL V K
Reason : Document Approved
Date : 01/07/2025 10:35 AM

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

വടകര

## അനുബന്ധം - II

*** കരുവഞ്ചേരി നോർത്ത് എൽ പി സ്കൂളിൽ 2025-26 വർഷം എച്ച് എം -1 , എൽ പി എസ് ടി -4 , ജൂനിയർ ലാംഗ്വേജ് അറബിക് ഫുൾ ടൈം -1 എന്നിങ്ങനെ തസ്തികകൾ അനുവദിക്കുന്നു.

*** 18.04.2022 തിയതിയിലെ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ ജി.ഒ(പി) നം.5/2022/ജി.ഇ.ഡി.എൻ കെ ഇ ആർ ഭേദഗതി ഉത്തരവ് പ്രകാരം ജനുവരി 31 നകം ടി സി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യണമെന്ന് പ്രധാനാധ്യാപകന് നിർദ്ദേശം നൽകുന്നു.

Signature Valid
Digitally signed by SUNIL V K
Reason : Document Approved
Date : 01/07/2025 10:35 AM

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

വടകര

1. പ്രധമാധ്യാപകൻ , കരുവഞ്ചേരി നോർത്ത് എൽ.പി എസ്
2. മാനേജർ , കരുവഞ്ചേരി നോർത്ത് എൽ.പി എസ്
3. വിദ്യാഭ്യാസ ഉപ ഡയറക്ടർ
4. ജില്ലാ വിദ്യാഭ്യാസ ഓഫീസർ
5. സ്റ്റോക്ക് ഫയൽ

# അധ്യാപകർ

| Sl.NO | സ്ഥാനം | പേര് |
| --- | --- | --- |
| 1 | ഹെഡ്മിസ്ട്രസ് | നിഷാകുമാരി എം |
| 2 | എൽ പി എസ് ടി | ബിനിഷ ബി |
| 3 | എൽ പി എസ് ടി | രഞ്ജിത വി കെ |
| 4 | എൽ പി എസ് ടി | ധന്യ പി കെ |
| 5 | എൽ പി എസ് ടി | സിദ്ധാർത്ഥ എസ് എൽ |
| 6 | അറബിക് | മുഹമ്മദ് ജവാദ് പി എ |

# MALAYALAM CLASS 1 AND 2

| പഠന പ്രവർത്തനങ്ങൾ | പഠന നേട്ടം | കാലയളവ് |
|---|---|---|
| ചിത്ര കാർഡുകൾ നൽകൽ,ക്ലാസിൽ പറയാനുള്ള അവസരം ഒരുക്കൽ,വായന കാർഡ് ശില്പശാല,ഐസിടി സാധ്യത | സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതി | JUNE TO JULY |
| ചിത്രവിവരണം ലൈബ്രറി ഒരുക്കൽ | ആശയ ഗ്രഹണം വായന ഉറപ്പിക്കൽ | AUGUST |
| കഥയെ ചിത്രങ്ങൾ ആക്കൽ,വായിച്ച കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ,വായിച്ച കഥാരംഗങ്ങൾക്കു രംഗവിഷ്കാരം ചെയ്യൽ | തെറ്റില്ലാതെ എല്ലാ കുട്ടികളെയും വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുന്നു | SEPTEMBER |
| പതിപ്പ് തയ്യാറാക്കൽ | സ്വതന്ത്രമായി രചനകളിൽ ഏർപ്പെടുന്നു | OCTOBER |
| സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു | ലഘു വിവരണം കഥ സംഭാഷണം എന്നിവ തയ്യാറാക്കുന്നു | NOVEMBER |
| ലേഖന പ്രവർത്തനങ്ങളിൽഏർപ്പെടുന്നു ,മാഗസിനുകളുടെ നിർമ്മാണം | ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ തയ്യാറാക്കുന്നു | DECEMBER |
| കവിത പൂരണം ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു | കവിത പൂരണം | JANUARY |
| സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | സ്വന്തമായി കഥാകവിത സംഭാഷണം എന്നിവ തയ്യാറാക്കുന്നു | FEBRUARY |
| വ്യക്തിഗത രചന,ഓരോ കുട്ടിക്കും ഓരോ മാസിക,വീട്ടു വായന ,അമ്മ വായന | സ്വതന്ത്ര രചനകളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു | MARCH |

# GANITHAM {CLASS 1 AND 2}

| പഠന പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|
| ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതാനും | സംഖ്യകൾ തിരിച്ചറിയാനും പറയാനും സംഖ്യാകാർഡുകൾ നിർമിക്കാനും കഴിയുന്നു | JUNE |
| അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു | സംഖ്യ കാർഡ് തയ്യാറാക്കുന്നു ഗണിത കിറ്റ് തയ്യാറാക്കാൻ കഴിയുന്നു | JULY |
| ഒൻമ്പതിൽ താഴെയുള്ള വ്യത്യസ്ത സംഖ്യകൾ ഒരു സംഖ്യയോടു കൂടി വലിയ സംഖ്യ കിട്ടുന്നു എന്ന് കണ്ടെത്തി പറയുക | ഒന്നു മുതൽ 20 വരെയുള്ള സംഖ്യകളെ തിരിച്ചറിയാൻ കഴിയുന്നു | AUGUST |
| ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുക | സംഖ്യ ഗാനങ്ങൾ ആസ്വദിക്കാൻ കഴിയുന്നു ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്നതിരിച്ചറിവ് നേടുന്നു.ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനവും വ്യവകലനം എന്നീക്രിയകൾ ചെയ്യാൻകഴിയുന്നു. | SEPTEMBER |
| രണ്ട് ഒരൊക്ക സംഖ്യകളുടെ | സങ്കലനം ക്രിയ ഒറ്റസംഖ്യ ഇരട്ട സംഖ്യ | |

| | | |
|---|---|---|
| സങ്കലനവും<br>വ്യവകലനവും | തിരിച്ചറിയാൻ<br>കഴിയുന്നു വലിയ സംഖ്യ<br>ചെറിയ സംഖ്യ<br>തിരിച്ചറിയാൻ<br>കഴിയുന്നു | OCTOBER |
| ഒന്നു മുതൽ നൂറു വരെ<br>സംഖ്യകൾ<br>തിരിച്ചറിയാനും<br>വ്യാഖ്യാനിക്കാനും | സംഖ്യകൾ<br>ആരോഹണം<br>അവരോഹണം<br>ക്രമത്തിൽ എഴുതാൻ<br>കഴിയുന്നു.സങ്കലനം<br>വ്യവകലനം ചിഹ്നങ്ങൾ<br>തിരിച്ചറിയാൻ<br>കഴിയുന്നു | NOVEMBER<br>DECEMBER<br>JANUARY |
| ഗണിത ആൽബം<br>പിടിഎയിൽ<br>പ്രദർശിപ്പിക്കൽ | ഗണിത ആൽബം<br>തയ്യാറാക്കൽ | FEBRUARY |
| സംഖ്യകളുടെ പകുതി<br>തുല്യം എന്നിവ<br>കണ്ടെത്തൽ | ഉല്ലാസ ഗണിതം<br>പ്രവർത്തനങ്ങൾ<br>ചെയ്യാൻ കഴിയുന്നു<br>പകുതി തുല്യം എന്നിവ<br>തിരിച്ചറിയാൻ<br>കഴിയുന്നു | MARCH |

# GANITHAM CLASS 4

| പഠന പ്രവർത്തനങ്ങൾ | പഠന നേട്ടം | കാലയളവ് |
|---|---|---|
| ഗണിത കിറ്റ് | എല്ലാ കുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ വളപ്പൊട്ടുകൾ ഒന്ന് 10 100 വീതം വരുന്ന ഈർക്കിൽ കമ്പുകൾ, സംഖ്യാ കാർഡുകൾ, സോഡാ മൂടികൾ പുളിങ്കുരു ,വിവിധ രൂപങ്ങൾ കളിനോട്ടുകൾ, പൊട്ടുകൾ, ആവശ്യമില്ലാത്ത പേനകൾ എന്നിവ ഉപയോഗിച്ച് ഗണിത തയ്യാറാക്കൽ | JUNE TO JULY |
| പ്രീ ടെസ്റ്റ് | കൈവരിച്ച ഗണിത ശേഷികളുടെ അടിസ്ഥാനത്തിൽ കുട്ടികളെ വിലയിരുത്തൽ. കൂടുതൽ പിന്തുണ ആവശ്യമായവരെ കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണങ്ങൾ ചെയ്യൽ | ജൂൺ 3 to 5 വിലയിരുത്തലും രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ |
| ജാമിതീയ ചന്തം | ചുറ്റുപാടുള്ള ത്രിമാനരൂപങ്ങൾ തിരിച്ചറിയൽ .ചതുരം, സമചതുരം എന്നിവ അളന്ന് പ്രത്യേകതകൾ മനസ്സിലാക്കി നിഗമനം രൂപപ്പെടുത്താൻ കഴിയുന്നു.വർണ്ണ കടലാസ്സുകൾ കൊണ്ടുള്ള ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ക്ലാസ് അലങ്കരിക്കൽ.തീപ്പെട്ടി കമ്പ് ഉപയോഗിച്ച് ജാമിതീയ രുപങ്ങൾ ഉണ്ടാക്കൽ .ജാമിതീയ | JUNE |

| | | |
|---|---|---|
| | പാറ്റേൺ തയ്യാറാക്കൽ.ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ | |
| സംഖ്യായനം | മൂന്നക്ക സംഖ്യകൾ ഉപയോഗിച്ച് ആയിരം രൂപീകരിക്കലും, വ്യാഖ്യാനിക്കലും. നാലക്ക സംഖ്യ ആയിരം മുതൽ 9999വരെയുള്ള സംഖ്യാബോധം. വിശാലമായ സ്കൂൾ ലൈബ്രറികളിൽ അഞ്ചു ഗ്രൂപ്പുകളായി തിരിച്ച് സംഖ്യ റിബൺസംഖ്യാ കാർഡുകൾ എന്നിവ നൽകി പുസ്തകങ്ങൾക്ക് തുടർച്ചയായി നമ്പർ കൊടുക്കൽ .സംഖ്യകൾ ഉപയോഗിച്ച് സമാന പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | JUNE TO MARCH |
| ഹോണസ്റ്റി ഷോപ്പ് | കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങാൻ ഹോണസ്റ്റി ഷോപ്പ് തയ്യാറാക്കൽ. കുട്ടികൾ അവർക്ക് ആവശ്യമായ സാധനങ്ങൾ പൈസ കൊടുത്തു ഷോപ്പിൽ നിന്ന് വാങ്ങി കണക്കുകൾസൂക്ഷിക്കുക. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | JULY TO FEBRUARY |
| ചതുഷ്ക്രിയകൾ | ഡൈസുകൾ കളി നോട്ടുകൾ സംഖ്യ കാർഡുകൾ മറ്റു പരിചിത സാധനങ്ങൾ എന്നിവ ഉപയോഗിച്ച് കളികളിലൂടെയും പാട്ടുകളിലൂടെയും വർക്ക് നടത്തി ചതുഷ്ക്രിയകൾ ഉറപ്പിക്കൽ പ്രവർത്തനങ്ങളുടെ ഉപയോഗം. മനക്കണക്ക് പരിശീലനം | JUNE TO MARCH |

ക്ലാസ് - III

## പരിസര പഠനം

ലക്ഷ്യം; പരിസ്ഥിതി സൗഹാർദ്ദം മനോഭാവം വളർത്തിയെടുക്കുക.
2ശാസ്ത്ര വിഷയങ്ങളിൽ അഭിരുചി താത്പര്യം വളർത്തുക.

| മാസം | പ്രവർത്തനം |
|---|---|
| ജനുവരി - ഫെബ്രുവരി | പ്രകൃതി നടത്തം<br>ചുറ്റുപാടുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>പ്രത്യേകതകൾ മനസ്സിലാക്കാം.ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച ചെയ്യാം.നമുക്ക് ചുറ്റുപാടും ഉള്ള മലിനീകരണം പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ് ).<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യൻറെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെൻററി) |
| ജനുവരി - മാർച്ച് | പൂന്തോട്ടം ഒരുക്കം.<br>സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ. |
| ജനുവരി - മാർച്ച് | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ.നട്ട് വൃക്ഷത്തൈയെ പരിപാലിക്കൽ. |
| ജനുവരി | പോസ്റ്റർ നിർമ്മാണം<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>പരിസരങ്ങളിൽ പതിക്കൽ |
| മാർച്ച് - മേയ് | • പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കൽ |

ക്ലാസ് - IV

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | ആവശ്യങ്ങൾ | ഉത്തരവാദി |
|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ടുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM, SRG ടീം |
| ശാസ്ത്ര മൂലം ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വാർഷികം | HM, SRG, ടീം |
| ശാസ്ത്ര യാത്ര ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണതൃര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ ഫോക്ലോർ അക്കാദമി സന്ദർശിക്കൽ | ആവശ്യാനുസരണം | HM, SRG, CPTA, ടീം |
| ഭൂപടം ഒരുക്കം കേരളം ഇന്ത്യ ഭൂപട വായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം ഉപയോഗിക്കൽ | വാർഷികം | SRG, ടീം |
| ശാസ്ത്ര ചുമർ പത്രിക ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG, ടീം |
| ശാസ്ത്രോത്സവം | പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങളുടെ ശേഖരണം പരീക്ഷണം എന്നിവയുടെ പ്രദർശനം | വാർഷിക മധ്യ - ടേം | HM, SRG, ടീം |
| ശാസ്ത്ര മാസിക | ശാസ്ത്ര മാസികകളുടെ ശേഖരണം | വാർഷികം | HM, SRG, ടീം |

# MALAYALAM CLASS 4

| പഠന പ്രവർത്തനങ്ങൾ | പഠന നേട്ടം | കാലയളവ് |
|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായ പിന്നോക്ക നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതു വരെ |
| ആവശ്യമായ പഠനസമഗ്രികൾ ഒരിക്കൽ | | |
| വായിക്കാൻ വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | | |
| വായന കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം | | CPTA |
| എഴുതാൻ തെളിയാം | എഴുത്ത് പരിപോഷിപ്പിക്ക | വർഷം മുഴുവൻ |
| പാഠഭാഗവും ആയിബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | മാസംതോറും |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കാൻ സാഹിത്യകാരന്മാരെ അടുത്തറിയാൻ | മാസംതോറും |
| സാഹിത്യകാരന്മാരുടെ ജന്മദിന ആചരണങ്ങൾ സംഘടിപ്പിക്കൽ | | |
| ഭാഷാ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ / പ്രദർശനം കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം | | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു। | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി ടി എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി ടി എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |



## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം . | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

**CLASS 5**

| പഠന പ്രവർത്തനങ്ങൾ | പഠന നേട്ടം | കാലയളവ് |
| --- | --- | --- |
| പ്രാദേശിക ചരിത്ര രചന | ചരിത്രരചനയ്ക്കുള്ള ശേഷി നേടുന്നു | JUNE,JULY |
| ചരിത്ര മ്യൂസിയം ഡോക്യുമെന്ററി | ചരിത്രശേഷിപ്പുകളുടെ സംരക്ഷണത്തിന്റെ ആവശ്യകത | JULY |
| ആൽബം തയ്യാറാക്കൽ | സാമൂഹ്യശാസ്ത്രപരമായ ശേഖരങ്ങൾ വികസിപ്പിക്കുന്ന ശീലത്തിലേക്ക് കുട്ടികൾ എത്തുന്നു | AUGUST |
| കുടുംബ ബജറ്റ് ... | കുടുംബപദ്രതയ്ക്ക് മിതവയ ശീലം അനിവാര്യമാണെന്ന് കണ്ടെത്തുന്നു | AUGUST |
| ഭൂപട നിർമ്മാണം | വൻകരകൾ രാജ്യങ്ങൾ സമുദ്രങ്ങൾ ഇവയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ നേടുന്നു | OCTOBER |
| സ്കൂൾ പാർലമെന്റ് | ജനാധിപത്യത്തിന്റെ സവിശേഷതകൾ പാർലമെന്റിന്റെ പ്രവർത്തനങ്ങൾ എന്നിവ തിരിച്ചറിയുന്നതിന് | NOVEMBER DECEMBER |
| വീഡിയോ പ്രദർശനം | ഇന്ത്യ കേരളം എന്നിവയുടെ ഭൂപ്രകൃതി വിഭാഗങ്ങളും സവിശേഷതകളും മനസ്സിലാക്കുന്നു | JANUARY FEBRUARY |

# HINDI CLASS V

| പഠന പ്രവർത്തനങ്ങൾ | പഠനനേട്ടം | കാലയളവ് |
|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ അക്ഷരകാർഡ് തയ്യാറാക്കാൻ വാക്കുകൾ എഴുതൽ എന്നിവ ചെയ്യാൻ കഴിയുന്നു | JUNE TO SEPTEMBER |
| വീട്ടിൽ ഒരു പരീക്ഷണം കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ കണ്ടെത്തുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് ഗൃഹോപകരണങ്ങൾ ഉൾപ്പെടെ ഹിന്ദിയിൽ പട്ടികപ്പെടുത്താൻ കഴിയുന്നു | OCTOBER AND NOVEMBER |
| ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാം | ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തുന്നു. ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കുന്നു, ചിത്രം സഹായത്തോടെ കഥ പറയാൻ കഴിയുന്നു,ചിത്ര സഹായത്തോടെ കഥയെഴുതാൻ സഹായിക്കുന്നു | NOVEMBER TO FEBRUARY |

ക്ലാസ് – III

മലയാളം

| ലക്ഷ്യം | പ്രവൃത്തനം | കാലം | ചുമതല |
|---|---|---|---|
| സാഹിത്യപ്രതിഭക ളെ അടുത്തറിയാം | 1. കവികളെ കുറിച്ച് ഒരു ഡോക്യുമെന്ററി പ്രദർശനം<br>2. പുസ്തക ശേഖരണവും പ്രദർശനവും<br>3. ചിത്രഗാലറി | ജൂൺ – ജൂലൈ<br>ജൂൺ – മാർച്ച്<br>ജനുവരി | അധ്യാപക ർ<br>അധ്യാപക ർ<br>ക്ലബുകൾ പി.ടി.എ |
| വായനപരിപോഷ ണം | 1.പൊതുസമൂഹവുമാ യി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>2. വായനാകളരി<br>3. നാട്ടു വായന പ്രദേശിക എഴുത്തുകാരുമായുള്ള സംവാദം | നവംബർ – മാർച്ച്<br>ആഴ്ചയി ൽ<br>ആഗസ്ത് | വായനശാ ല SRG,<br>ക്ലബുകൾ സാഹിത്യ ക്ലബ് |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

# KARUVANCHERY NORTH LP SCHOOL

## ACADEMIC MASTER PLAN

## ENGLISH

(CLASS 1-5)

Introduction

English is the most widely taught second language in the world .Millions of learners studying it in schools and through language courses. Kerala, has high literacy rate and a well-developed education system. However, the teaching and learning of English in Kerala face several challenges . to overcome all the issues that we are facing in our classroom are to be solved in a systematic manner .For that we have to go for a better planning .On behalf of all the issues we put forward an Academic Master Plan for English for the classes 1-5.All the activities planned are focussing for the development of four language skills ,LSRW.

Time:- June to march(

AIM-

*To speak, read & write English without any mistakes.

*To develop listening skills and reading skills.

*To strength the vocabulary and its usages according to the situation and needs.

Activities

**Listening skills:**

*Games,

*Action songs.

*Hello English Activities

*Conversations

*Skit stories

*Use ICT

*Speech

*English assembly

*English work shops

**Speaking skills:-**

AIM

* To make learners speak without any obstacles.

Activities ( class 3-5)

*Just a minute

*Speech

*Reporting

*Welcome talks

*Lesiure time talks

*Lunch time talks

*Story time

Activities (class 1&2)

*Identify the naming words from the picture

*Identify the action words from the picture.

*Make the simple sentences using the word about picture

*Make simple description about the picture

*Growing sentences, . picture reading, self introductions

**Reading skills**

Activities

*Books reading

*Find words

*Collect and read past tense

*Rhyming words

*TB Activities

*English news

*Pleasure reading

## Writing Skills

* Diary

*Notice

*NEWS

*Reporting an event

*make word web

*picture description

*Word chain

*Make words & Sentencess

*Make riddles, conversations

*Add more lines.

*Quiz

Duties

* All teachers are instructed to lead simple conversation with the children .

*Teachers are instructed to give instruction in English in their classroom activities.

Duration

All the the activities can beinitiated along with the class process and along with the club activities.